**അനൗദ്യോഗികാംഗങ്ങളുടെ കാര്യം:**

**(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ടിന്റെ പരിഗണന**

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

**(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ:**

(i) 2021-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബിൽ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, 2021-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(ii) 2021-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

(ശ്രീ. പി. സി. വിഷ്ണുനാഥ് സീറ്റിലില്ലാതിരുന്നതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

(iii) 2022-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷസംരക്ഷണ ബിൽ

ശ്രീ. ഇ. കെ. വിജയൻ: സർ, 2022-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷസംരക്ഷണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## (iv) 2022-ലെ കേരള ജൂനിയർ അഭിഭാഷക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. യു. എ. ലത്തീഫ് സീറ്റിലില്ലാതിരുന്നതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

## (v) 2023-ലെ കേരള ഹോം നഴ്സിംഗ് സ്ഥാപനങ്ങൾ രജിസ്ട്രേഷനും നിയന്ത്രണവും ബോർഡ് ബിൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2023-ലെ കേരള ഹോം നഴ്സിംഗ് സ്ഥാപനങ്ങൾ രജിസ്ട്രേഷനും നിയന്ത്രണവും ബോർഡ് ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## 3. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച

### (i) 2021-ലെ കേരള മിശ്ര വിവാഹ കുടുംബ സംരക്ഷണ ബിൽ

ശ്രീ. എം. രാജഗോപാലൻ: സർ, സംസ്ഥാനത്തിന്റെ ജാതി-മത-സാമുദായിക പരിഗണന കൂടാതെ മാനവികതയിലുറച്ചുനിന്നുകൊണ്ട് വ്യത്യസ്ത വിഭാഗങ്ങളിൽനിന്നുള്ളവർ മിശ്രവിവാഹത്തിലൂടെ ഒത്തുചേർന്ന് ജീവിക്കുന്നുണ്ടെങ്കിലും അവർക്ക് നിയമത്തിന്റെ പ്രത്യേക പരിരക്ഷ ലഭിക്കുന്നതിനായി ഒരു മിശ്ര വിവാഹ കുടുംബ സംരക്ഷണ ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലാണിത്. പ്രസ്തുത ബിൽ തുടർചർച്ചയ്ക്കായി മാറ്റി വയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

### (ii) 2021-ലെ കേരള ക്രിമിനൽ കേസിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ

(ശ്രീ. അനൂപ് ജേക്കബ് സീറ്റിലില്ലാതിരുന്നതിനാൽ ബിൽ ചർച്ച ചെയ്തില്ല.)

(iii) 2021-ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. ടി. വി. ഇബ്രാഹിം സീറ്റിലില്ലാതിരുന്നതിനാൽ ബിൽ ചർച്ച ചെയ്തില്ല)

ഓർഡർ.......... ഓർഡർ..........സഭ ഇപ്പോൾ പിരിയുന്നതും 2024 ഫെബ്രുവരി 5-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ഫെബ്രുവരി മാസം 5-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.35-ന് പിരിഞ്ഞു.)

*********